**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **01-09-2022 - ൽ മറുപടിയ്ക്ക്**

**നീതി ആയോഗ് ഗവേണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നീതി ആയോഗിന്റെ ഏഴാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ കേന്ദ്ര സർക്കാർ നയങ്ങൾ ഫെഡറലിസത്തിന് വെല്ലുവിളിയാകരുതെന്നും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ സംസ്ഥാനങ്ങളുമായി കൂടിയാലോചനകൾ അനിവാര്യമാണെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സഹകരണ ഫെഡറലിസത്തി നെതിരായ ഗുരുതരമായ വെല്ലുവിളികൾ പരിഹരിക്കണമെന്നും സംസ്ഥാനങ്ങളുമായി മതിയായ കൂടിയാലോചനകൾക്ക് ശേഷം മാത്രമേ കൺകറന്റ് ലിസ്റ്റിലെ വിഷയങ്ങളിൽ നിയമനിർമ്മാണം ആരംഭിക്കാവൂ എന്നും സംസ്ഥാന പട്ടികയിലെ ഇനങ്ങളിൽ കേന്ദ്രം നിയമനിർമ്മാണത്തിൽ നിന്ന് പിന്മാറണം എന്നും മുഖ്യമന്ത്രി 07.08.2022-ലെ ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡാനന്തരമുള്ള സാമ്പത്തിക സാഹചര്യത്തിൽ നിന്ന് സംസ്ഥാനം മുക്തി നേടാത്തതിനാൽ കേരളത്തിന്റെ വായ്പാപരിധി ഉയർത്തണമെന്ന ആവശ്യം നീതി ആയോഗിൽ ഉന്നയിച്ചിട്ടുണ്ടോ; അതു സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുകൂല നിലപാട് പ്രതീക്ഷിക്കുന്നു. |
| (സി) | പാർശ്വവൽകൃത ജനവിഭാഗത്തിന്റെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് പരിസ്ഥിതിലോല മേഖല സംബന്ധിച്ച സുപ്രീംകോടതി വിധിക്കെതിരെ നിയമ പരിഹാരം ഉണ്ടാകണമെന്ന സംസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള ആവശ്യങ്ങളോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ; | (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുകൂല നിലപാട് പ്രതീക്ഷിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ മേഖലയുടെ നവീകരണത്തിന് അനിവാര്യവും പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗവുമായ സിൽവർലൈനിന് അനുമതി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ? | (ഡി) | ഇക്കാര്യത്തിൽ നിരന്തരമായ കത്തിടപാടുകളിലൂടെയും ചർച്ചകളിലൂടെയും സർക്കാർ തുടർച്ചയായി ഇടപെടൽ നടത്തി വരുന്നു. അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ